

# ‘മറക്കാനാവാത്ത മനുഷ്യസ്നേഹി’

**1968** ജൂലായ് 3-ാം തീയതി മരണമടഞ്ഞ ഗോപിദാസിന്റെ ധീരതയെ പ്രകീർത്തിക്കുവാനും ചരമവാർഷികം കൊണ്ടാടുവാനും അദ്ദേഹത്തിന്റെ ഭാര്യയായ ശിവാനിക്ക് ഇന്ത്യൻ പ്രസിഡന്റിൽ നിന്നുമുള്ള "സർവ്വോത്തം ജീവൻ രക്ഷാപതക്" എന്ന മരണാനന്തരബഹുമതി നൽകുന്നതിനും കൂടിയ സമ്മേളനത്തെക്കുറിച്ച് 1969 നവംബർ 1-ാം തീയതിയിലെ മനോരമയിൽ പ്രസിദ്ധീകരിച്ച ഒരു വാർത്തയുടെ തലവാചകമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

1968 ജൂലായ് 3-ാം തീയതി വേമ്പാട്ടു കായലിലെ ആർ. ബ്ലോക്ക് കായൽക്കരയിൽ നിന്നും പുളിങ്കുന്നു സ്വദേശിയായ "കല്ലുപുരയ്ക്കൽ ഗോപിദാസ്" 21 യാത്രക്കാരേയും കൊണ്ട് ഒരു വള്ളത്തിൽ യാത്ര തിരിച്ചു. എന്നാൽ അപ്രതീക്ഷിതമായി ഭയങ്കര കാറ്റും പിശറും ഉണ്ടായിട്ട് ഗോപിദാസിന്റെ നിയന്ത്രണം വിട്ട് വള്ളം യാത്രക്കാരേയും കൊണ്ട് കായലിൽ മുങ്ങി. മുങ്ങിപൊങ്ങിയ ഗോപിദാസ് ചുറ്റും നോക്കി. പക്ഷേ, ആരെയും കാണ്മാനില്ല. പെട്ടെന്ന് കമിഴ്ന്നു കിടന്ന വള്ളം നിവർത്തിയ ശേഷം ഓരോരുത്തരെ രക്ഷപ്പെടുത്തുവാനുള്ള ഉദ്യമത്തിൽ ഏർപ്പെട്ടു. മരണവുമായി മല്ലിട്ടുകൊണ്ടിരുന്നവരിൽ 18 പേരുടെ ജീവനെ ഗോപിദാസ് രക്ഷിച്ചു. ശേഷിച്ച മൂന്നുപേരെക്കൂടെ രക്ഷിക്കുന്നതിനുള്ള ശ്രമം തുടർന്നു. എന്നാൽ ഇതിനോടകം വളരെ ക്ഷീണിച്ചു തളർന്നിരിക്കുന്ന ഗോപിദാസ് ആ മൂന്നുപേരെ രക്ഷിക്കുന്നതിനായി വീണ്ടും വെള്ളത്തിൽ മുങ്ങിയിട്ട് പൊങ്ങുവാൻ സാധിക്കാതെ അവരോടൊപ്പം മരിക്കുകയാണുണ്ടായത്. ഗോപിദാസിന്റെ ധീരതയെ പ്രഘോഷിക്കുവാനും സ്മരിക്കുവാനും വേണ്ടി നടന്ന ഒന്നാം ചരമവാർഷികചടങ്ങിൽ ഗണനീയരായ പലരും പങ്കെടുത്തിരുന്നു. അദ്ദേഹം ചെയ്ത വീരകൃത്യത്തെ എക്കാലത്തും എല്ലാവരും ഓർക്കേണ്ടതുതന്നെയാണ്. ഇങ്ങനെ ഒരപകടം അദ്ദേഹത്തിനും അദ്ദേഹത്തോടുകൂടെ യാത്ര ചെയ്തവർക്കും ഉണ്ടാവും എന്ന് മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ അദ്ദേഹം ആ യാത്രയ്ക്ക് ഒരുങ്ങുകയില്ലായിരുന്നു. ഗോപിദാസ് അനേകരുടെ ബഹുമാനാദരങ്ങൾക്ക് യോഗ്യനാണ്. വിശേഷിച്ച് അദ്ദേഹം രക്ഷിച്ച 18 പേർക്ക് അദ്ദേഹത്തോടും കുടുംബത്തോടും വളരെയേറെ കടപ്പാടുകൾ ഉണ്ടായിരിക്കും.

"മറക്കാനാവാത്ത മനുഷ്യസ്നേഹി" എന്ന അപരനാമം ലഭിക്കുവാൻ ശ്രീ. ഗോപീദാസിന് ഇടയായത് അപകടത്തിൽ നിന്നു ചിലരുടെ ജീവനെ രക്ഷിച്ചതിനാലാണ്. എന്നാൽ എക്കാലത്തും മനുഷ്യവർഗ്ഗം ഒന്നുപോലെ ആദരിക്കേണ്ട ഒരു മനുഷ്യസ്നേഹിയെ നിങ്ങളുടെ മുമ്പാകെ ഉയർത്തിക്കാണിക്കട്ടെ. അവനാണ് നിസ്തുല്യനായ യേശുക്രിസ്തു. "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ" (1 തിമൊ. 1:15).

മനുഷ്യവർഗ്ഗം ഈ ലോകമാകുന്ന സമുദ്രത്തിലൂടെ ജീവിതമാകുന്ന പടകിൽ താല്കാലികങ്ങളായ വിഷയങ്ങളിൽ വ്യാപൃതരായി, അവർക്കു വരുവാൻപോകുന്ന അതിഭയങ്കരമായ നാശത്തെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും, ചിന്തയില്ലാതെ മുന്നോട്ടു നീങ്ങുകയാണ്. എല്ലാവരും പാപികളാണെന്നും അതിന്റെ ഫലമായി മരണവും പിന്നെ ന്യായവിധിയുമാണ് മനുഷ്യന് നിയമിച്ചിരിക്കുന്നതെന്നുമുള്ള യാഥാർത്ഥ്യം ഗ്രഹിക്കാതെയാണ് അധികമാളുകളും കഴിയുന്നത്. 'ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കായി നിയമിച്ചിരിക്കുന്നു'. ഈ ന്യായവിധിയിൽ നിന്നും മനുഷ്യവർഗ്ഗത്തെ വിടുവിപ്പാനത്രേ ക്രിസ്തു ഭൂമിയിൽ അവതരിച്ചത്. "ഞാൻ നീതിമാൻമാരെയല്ല, പാപികളെയത്രെ രക്ഷിപ്പാൻ വന്നത്". മനുഷ്യന് താങ്ങുവാനും നിവർത്തിക്കുവാനും കഴിയാത്ത തത്വസംഹിതകൾ കൊടുത്തിട്ടു ക്രിസ്തു സ്വയം രക്ഷപ്പെടുകയല്ല ചെയ്തത്. നീന്തൽ നല്ലതുപോലെ അറിയാമായിരുന്ന ഗോപിദാസ് വള്ളത്തിൽ ഇരുന്നുകൊണ്ട് മുങ്ങിമരിക്കാൻ തുടങ്ങുന്ന യാത്രക്കാർക്ക് നല്ലനല്ല ഉപദേശങ്ങൾ കൊടുക്കുക മാത്രമായിരുന്നു ചെയ്തിരുന്നതെങ്കിൽ ഇത്രയും പേരെ രക്ഷിക്കുവാനോ "മനുഷ്യസ്നേഹി" എന്ന കീർത്തിമുദ്ര നേടുവാനോ കഴിയുകയില്ലായിരുന്നു. എന്നാൽ ഈ പേരിന് ഗോപിദാസ് അർഹനായിത്തീർന്നത്, അദ്ദേഹത്തിന്റെ ജീവനെപ്പോലും തൃണവൽഗണിച്ചുകൊണ്ട് വെള്ളത്തിൽ താണുകൊണ്ടിരുന്ന ഓരോരുത്തരേയും, അവർ ആയിരുന്ന ഇടം തേടിച്ചെന്ന് അവിടെ നിന്നും ഉയർത്തി രക്ഷിച്ചു എന്നുള്ളതുകൊണ്ടാണ്. ഇതുപോലെ പാപികളായി ന്യായവിധിയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന മനുഷ്യവർഗ്ഗത്തെ രക്ഷിക്കേണ്ടതിന് പാപരഹിതനായ ക്രിസ്തു പാപികൾക്ക് പകരമായി സ്വജീവനെ നൽകി. മനുഷ്യരുടെ എന്തെങ്കിലും ഗുണവിശേഷം കൊണ്ടല്ല യേശു ഇപ്രകാരം ചെയ്തത്. പ്രത്യുത മനുഷ്യന് സർവ്വലോകത്തെക്കാളും വിലയേറിയ ഒരു ആത്മാവുള്ളതിനാലാണ് എല്ലാറ്റിലും ഉപരിയായി ദൈവം അവനെ സ്നേഹിച്ചത്. "നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നത് ദുർല്ലഭം. ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" റോമ.5:6-8.

ഗോപിദാസിന് എല്ലാവരെയും രക്ഷിക്കുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, സ്വയം രക്ഷ പ്രാപിക്കുവാൻ കഴിയാതെപോയി. ക്രിസ്തുവോ നാശത്തിൽ നിന്നും രക്ഷ പ്രാപിപ്പാൻ ആഗ്രഹിക്കുന്ന ഏതൊരുവനേയും രക്ഷിക്കുന്നു. സ്വജീവനെ മനുഷ്യർക്കുവേണ്ടി ഏല്പിച്ചുകൊടുത്തു. ഏങ്കിലും അവൻ വീണ്ടും ജീവൻ പ്രാപിച്ചു ഉയിർത്തെഴുന്നേറ്റു. ഗോപിദാസിന് കീർത്തിമുദ്ര സ്വീകരിപ്പാൻ കഴിയാതെ പോയതിനാൽ അദ്ദേഹത്തിന്റെ ഭാര്യയാണ് അത് സ്വീകരിച്ചത്. എന്നാൽ ക്രിസ്തുവോ ജീവനോടുകൂടെത്തന്നെ അതു സ്വീകരിച്ചു. "അതു

കൊണ്ട് ദൈവം അവനെ ഏറ്റവും ഉയർത്തി. സകലനാമത്തിനും മേലായ നാമം നല്കി" അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടിവരും".

സ്നേഹിതാ, ഇവനെപ്പോലെ ഒരു മനുഷ്യസ്നേഹിയെ നിങ്ങൾക്കു എവിടെ കാണുവാൻ കഴിയും? കേവലം ഹീനപാപിയായ നിന്നെയും സ്നേഹിക്കുന്ന ഒരു മഹത്പ്രഭാവൻ. മോശമായ ജീവിതം നിമിത്തം മറ്റുള്ളവർ നിന്നെ ദ്വേഷിക്കുമ്പോൾ പാപത്തെ വെറുക്കുന്നവനെങ്കിലും പാപിയായ നിന്നെ സ്നേഹിച്ചു കൊണ്ട് അധഃപതിച്ച അവസ്ഥയിൽ നിന്നും നിന്നെ ഉദ്ധരിക്കുവാൻ ആഗ്രഹിക്കുന്നു. ആ സ്നേഹത്തെ എങ്ങനെ മറക്കുവാൻ കഴിയും? ഈ യഥാർത്ഥ മനുഷ്യസ്നേഹി നിങ്ങളുടെ ആത്മാവിനെ നാശത്തിൽ നിന്നും വീണ്ടെടുക്കുവാനുള്ള എല്ലാ കാര്യങ്ങളും ചെയ്തു. അവൻ ഇന്ന് നിങ്ങളുടെ അരികെ ഉണ്ട്. അവനെ വിശ്വാസത്താൽ അംഗീകരിച്ച് നിത്യജീവനും നിത്യശാന്തിയും സമാധാനവും കരസ്ഥമാക്കുക. പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു. ആർക്കും ഒരിക്കലും ഒരു കാരണവശാലും മറക്കാനാവാത്ത യാഥാർത്ഥ മനുഷ്യസ്നേഹിയാണ് 'യേശുക്രിസ്തു'. ഈ മനുഷ്യസ്നേഹിയെ നിങ്ങളുടെ പ്രാണപ്രിയനായി നിരന്തരം സ്മരിച്ചുകൊണ്ട് അവനുമായുള്ള കൂട്ടായ്മ അനുഭവിക്കുവാൻ താങ്കൾ ആഗ്രഹിക്കുന്നില്ലേ? താങ്കളുടെ ആത്മാവിനെ വീണ്ടെടുക്കുന്നതിന് സ്വജീവനെ അർപ്പിച്ച യഥാർത്ഥ സ്നേഹിതനെ എങ്ങനെ തള്ളികളയുവാനും മറുത്തു പറയുവാനും സാധിക്കും? രക്ഷക്കായി അവനിൽ ആശ്രയിക്കാതിരുന്നാൽ നിത്യമായ ന്യായവിധി മാത്രമാണ് ശേഷിക്കുന്നത്. അങ്ങനെ സംഭവിക്കാതിരിപ്പാൻ ഇന്നു തന്നെ ഒരു തീരുമാനം എടുക്കുക. യേശുവിനെ താങ്കളുടെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുക. "യേശുവിനെ കർത്താവ് എന്ന് വായ് കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ. 10:9).

ബൈബിൾ സംബന്ധമായി കൂടുതൽ പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് തപാലിലൂടെ വീട്ടിലിരുന്ന് പഠിക്കുവാൻ ഞങ്ങൾ സൗകര്യമൊരുക്കുന്നു.
***കൂടുതൽ വിവരങ്ങൾക്ക് എഴുതുക :***

**FELLOWSHIP TRACT LEAGUE**
P.O. BOX 164 • LEBANON, OH 45036
www.fellowshiptractleague.org © Tract 5643 (Malayalam)
All tracts free as the Lord provides. Not to be sold.